**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** **10-02-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബീച്ചിൽ വഴിയോര വിശ്രമകേന്ദ്ര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ബീച്ചിൽ വഴിയോര വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയത് പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ? | (എ) | എം എൽ എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നുള്ള 25 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി കോഴിക്കോട് ബീച്ചിൽ ഒരു വഴിയോര വിശ്രമ കേന്ദ്രം നിർമിക്കാമെന്ന് കേരളാ മാരിടൈം ബോർഡ് യോഗം തീരുമാനിക്കുകയും ആയതിനുള്ള പ്ലാനും പദ്ധതിയും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 03.12.2024-ാം തീയതി ബഹുമാനപ്പെട്ട സഹകരണ-തുറമുഖ-ദേവസ്വം മന്ത്രിയുടെയും വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ കോഴിക്കോട് കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മാരിടൈം ബോർഡ് ചെയർമാൻ, സി ഇ ഓ എന്നിവരുമായി ചേർന്ന യോഗത്തിൽ കോഴിക്കോട് ബീച്ചിൽ ലയൺസ് പാർക്കിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നടത്തുന്ന വികസന പ്രവർത്തനങ്ങളിൽ വിശ്രമ കേന്ദ്രവും ഉണ്ടാകുമെന്ന് കോർപറേഷൻ അധികൃതർ അറിയിക്കുകയുണ്ടായി . പ്രസ്തുത പദ്ധതിയുടെ അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ കേരള മാരിടൈം ബോർഡിന് തുടർനടപടി സ്വീകരിക്കുവാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ